(ബി) എങ്കിൽ അത്തരം പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണം, ആഭ്യന്തരം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് പ്രസ്തുത സാമൂഹ്യ അനാചാരം നിർമ്മാർജ്ജനം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമവും, സാസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) 'പാലക്കാട് ജില്ലയിൽ ചക്കിയ സമുദായ വിലക്ക്' എന്ന വിഷയത്തിൽ ചില പത്രമാദ്ധ്യമങ്ങളിൽ വാർത്ത വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് സ്പെഷ്യൽ മൊബൈൽ സ്കാഡ് ഡി.വൈ.എസ്.പി. വിശദമായ അന്വേഷണം നടത്തിയതിൽനിന്നും പത്രവാർത്തകളിൽ പറയുന്ന കാര്യങ്ങൾ ശരിയല്ലായെന്നാണ് വെളിവായിട്ടുള്ളത്.

(ബി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അനുയോജ്യമായ നടപടികൾ സത്വരം സ്വീകരിക്കുന്നതാണ്.

പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

* 10 [8] ശ്രീ. എ. സി. മൊയ്തീൻ:

" വി. കെ. സി. മമ്മത്കോയ:

" സാജുപോൾ:

" പീരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്ത് പകർച്ച വ്യാധികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരദേശത്ത് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രവർത്തനങ്ങൾക്ക് സന്നദ്ധസംഘടനകളുടെ സേവനംകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല. എന്നാൽ സുനാമിയെ തുടർന്ന് പ്രവർത്തിച്ചു വന്ന റീലീഫ് ക്യാമ്പുകളിൽ ഉണ്ടായ ചില പകർച്ച വ്യാധികൾ ഉടൻ ചികിത്സിച്ച് ഭേദമാക്കുകയും അവ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിക്കുകയും തുടർന്നുവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. സുനാമി ബാധിത പ്രദേശങ്ങളിൽ ഖരമാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ.

2. കുടിവെള്ള സ്രോതസ്സുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യുക.

3. മലിനജനം കെട്ടിക്കിടക്കുന്നത് ഇല്ലാതാക്കുന്നതിനുള്ള നടപടികൾ

4. കൊതുക്, കുത്താടി നിവാരണ പ്രവർത്തനങ്ങൾ, കീടനാശിനി തളിക്കൽ, ഫോഗിംഗ് തുടങ്ങിയവ

5. ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരപദാർത്ഥങ്ങളും മറ്റും നശിപ്പിക്കൽ

6. കുടിവെള്ളത്തിന്റേയും ആഹാര സാധനങ്ങളുടേയും സാമ്പിൾ എടുത്ത് ഗുണമേൻമ ടെസ്റ്റ് ചെയ്യൽ

7. ഫീൽഡ് തലത്തിൽനിന്നും, മെഡിക്കൽ ക്യാമ്പുകളിൽനിന്നും, ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും പകർച്ചവ്യാധി രോഗങ്ങളെ സംബന്ധിക്കുന്ന ദൈനംദിന റിപ്പോർട്ട് ശേഖരണം, പനിയുള്ളവരുടെ രക്തപരിശോധന രോഗപ്രതിരോധ കുത്തിവയ്പ്പുകൾ തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു. സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള വിവിധതരം ആരോഗ്യ ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ഇരുപത് റിലീഫ് ക്യാമ്പുകൾ കൊല്ലം, ആലപ്പുഴ ജില്ലകളിലായി ദുരന്ത ബാധിത പ്രദേശങ്ങളിൽ നടന്നുവരുന്നുണ്ട്. ഇവയിൽ 16197 ആളുകൾ ഇപ്പോൾ ഉണ്ട്. ഈ ക്യാമ്പുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനായി അതാതു ജില്ലാ ഡെപ്യൂട്ടി ഡി.എം.ഒ.-യുടെ നേതൃത്വത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ്, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, സന്നദ്ധസേനാംഗങ്ങൾ എന്നിവരടങ്ങുന്ന സാനിട്ടറി ടീം ഇപ്പോഴും ക്യാമ്പുകളിലും പരിസരപ്രദേശങ്ങളിലും രോഗപ്രതിരോധ നടപടികൾ നടത്തിവരുന്നു.

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിവിധ സന്നദ്ധസംഘടന പ്രവർത്തകരുടേയും ബഹുജന സഹകരണത്തോടുകൂടിയാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്.

പേവിഷ വാക്സിൻ ഇടപാടിലെ അഴിമതി

* 11 [9] ശ്രീ. രാജു എബ്രഹാം:

„ കെ. രാധാകൃഷ്ണൻ:

„ ടി. കെ. ബാലൻ:

„ എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly